# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ജൂലൈ 06, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) ഭരണഘടനയെ അവഹേളിച്ചുവെന്നാരോപിച്ച് അദ്ദേഹത്തിന്റെ രാജി ആവശ്യപ്പെട്ടുകൊണ്ട് ചോദ്യോത്തരവേള ആരംഭിച്ചയുടൻ പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തി മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

( *151, *152 എന്നീ നമ്പർ ചോദ്യങ്ങൾ ഉന്നയിച്ചില്ല)

17(*153) <u>സംസ്ഥാനത്തിന് പൊതുജനാരോഗ്യ രംഗത്ത് ദേശീയ പുരസ്കാരം</u>

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, കേരളത്തിലെ ആരോഗ്യ സംവിധാനം കാര്യക്ഷമമായ രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുള്ള നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്) അംഗീകാരം കേരളത്തിലെ 145 സർക്കാർ ആശുപത്രികൾക്ക് ലഭിച്ചിട്ടുണ്ടെന്നും അടുത്ത അഞ്ചുവർഷത്തിനുള്ളിൽ 276 സർക്കാർ ആശുപത്രികൾക്ക് എൻ.ക്യൂ.എ.എസ്. അംഗീകാരം നേടുക എന്ന ലക്ഷ്യത്തോടെയാണ് ആരോഗ്യവകുപ്പ് പ്രവർത്തിക്കുന്നതെന്നും സഭയെ അറിയിച്ചു. കേരളത്തിൽ ആദ്യത്തെ കോവിഡ് രോഗബാധ റിപ്പോർട്ട് ചെയ്തയുടൻ ലോകാരോഗ്യ സംഘടന/ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി രോഗിയുമായി സമ്പർക്കത്തിലുള്ള എല്ലാവരെയും പരിശോധനാ വിധേയരാക്കുകയും രോഗബാധ സ്ഥിരീകരിച്ചവർക്ക് ശരിയായ ചികിത്സ ഉറപ്പാക്കുകയും ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്തിരുന്നു. വാർഡുതല സംവിധാനങ്ങൾ ഊർജ്ജിതമാക്കി കോവിഡ് പ്രതിരോധ

പ്രവർത്തനങ്ങൾ ശക്തമാക്കുകയും രോഗലക്ഷണങ്ങൾക്കനുസരിച്ച് ഡി.സി.സി.കൾ, സി.എഫ്.എൽ.റ്റി.സി.കൾ, സി.എസ്.എൽ.റ്റി.സി.കൾ, കോവിഡ് ആശുപത്രികൾ എന്നിങ്ങനെ കോവിഡ് ചികിത്സാ കേന്ദ്രങ്ങൾ ക്രമീകരിക്കുകയും ആശുപത്രികളിൽ ഓക്സിജൻ സൗകര്യം, വെന്റിലേറ്ററുകൾ, തീവ്രപരിചരണ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുകയും വിവിധ മാധ്യമങ്ങളിലൂടെ ബോധവത്കരണ ക്യാമ്പയിനുകൾ നടത്തുകയും ചെയ്തതിനാൽ രോഗാതുരതയും മരണവും കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. പൊതു-സ്വകാര്യ മേഖലയിലെ നിർദ്ദിഷ്ട ലാബുകളിൽ സാമ്പിൾ പരിശോധനാ സൗകര്യങ്ങൾ സജ്ജീകരിക്കുകയും കോവിഡ് വാക്സിനേഷൻ കാര്യക്ഷമമായി നടപ്പിലാക്കുകയും രോഗബാധിതർക്കും ബന്ധുക്കൾക്കും മാനസിക പിന്തുണ ഉറപ്പാക്കുന്നതിനും സംശയ നിവാരണത്തിനുമായി ദിശയുടെ കാൾ സെന്ററുകൾ 24 മണിക്കൂറും പ്രവർത്തിക്കുകയും ചെറിയ രീതിയിൽ രോഗലക്ഷണങ്ങൾ ഉള്ളവരെയും പ്രകടമായ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെയും വീടുകളിൽത്തന്നെ ചികിത്സിക്കുന്നതിന് ജില്ലകൾതോറും ടെലിമെഡിസിൻ സംവിധാനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 9.05-ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്യുകയും മറ്റ് സഭാനടപടികളിലേയ്ക്ക് കടക്കുകയും ചെയ്തു. )